പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1156 — 02-05-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനോ മോറട്ടോറിയാം പ്രഖ്യാപിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; | **(എ)** സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മോറട്ടോറിയം അനുവദിച്ചിട്ടുണ്ട്. |
| **(ബി)** വർദ്ധിപ്പിച്ച വിള ഇൻഷ്വറൻസ് തുക പരമാവധി വേഗത്തിൽ കർഷകർക്ക് എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | **(ബി)** കൃഷി ഭവൻ വഴി കൃഷിക്കാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സ്ഥലപരിശോധന നടത്തി നാശനഷ്ടത്തിന്റെ വിവരവും തുകയും തിട്ടപ്പെടുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ഡയറക്ടർക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസിന്റെ നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച കാര്യം വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി കർഷകരിൽ എത്തിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 1250 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന വിള ഇൻഷ്വറൻസിനായി വകയിരുത്തുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**